## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 647 — 01/12/2015-ൽ മറുപടിക്ക്

### പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് നൽകിയ സർക്കാർ ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് സർക്കാർ വിവിധ കാലയളവുകളിൽ സൗജന്യമായി വിതരണം ചെയ്ത ഭൂമി പ്രസ്തുത കക്ഷികളുടേയോ അവരുടെ പുതിയ തലമുറകളുടേയോ പക്കൽ തന്നെയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ വിശദാംശം നൽകുമോ: | (എ) | പരിശോധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പരാതികളൊന്നും ലഭ്യമായിട്ടില്ല. |
| (ബി) | ഇപ്രകാരം വിതരണം ചെയ്യപ്പെട്ട ഭൂമി പട്ടിക വർഗ്ഗ വിഭാഗക്കാരിൽ നിന്നും നഷ്ടപ്പെട്ടതായി ബോധ്യപ്പെട്ട എത്ര സംഭവങ്ങളുണ്ട്: ജില്ലതിരിച്ചുള്ള കണക്കുകൾ നൽകാമോ: | (ബി) | പട്ടികവർഗ്ഗക്കാർക്ക് ലഭിച്ച ഭൂമി പട്ടയം നൽകി തിരിച്ച് പിടിക്കുന്നതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ 20 കേസ്സുകൾ നിലവിലുണ്ട്. മറ്റ് ജില്ലയിൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാർ പട്ടിക വർഗ്ഗക്കാർക്കായി നൽകിയ ഭൂമി അനുമതിയില്ലാതെ കൈമാറ്റം ചെയ്തതിനും ഇപ്രകാരമുള്ള ഭൂമി പട്ടിക വർഗ്ഗക്കാരിൽ നിന്നും കൈവശപ്പെടുത്തിയതിനും കേരളത്തിൽ ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോ: ഉണ്ടെങ്കിൽ വ്യക്തമാക്കാമോ: | (സി) | സർക്കാർ പട്ടികവർഗ്ഗക്കാർക്കായി നൽകിയ ഭൂമി അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യുന്നതിനും ഇപ്രകാരമുള്ള ഭൂമി പട്ടികവർഗ്ഗക്കാരിൽ നിന്നും കൈവശപ്പെടുത്തുന്നതിനും കേരളത്തിൽ ആരുടെയും പേരിൽ കേസ് എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പട്ടിക വർഗ്ഗക്കാർക്ക് നൽകിയിട്ടുള്ള ഭൂമി കൈമാറ്റം ചെയ്യപ്പെടാതിരിക്കാനും അവർക്ക് നഷ്ടപ്പെടാതിരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ? | (ഡി) | സർക്കാർ വിതരണം ചെയ്യുന്ന ഭൂമി കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യരുത് എന്ന വ്യവസ്ഥയോടെയാണ് രജിസ്റ്റർ ചെയ്ത് നൽകുന്നത്. കൂടാതെ പുതിയ പദ്ധതികളിലൂടെ ഭൂമി അനുവദിക്കുമ്പോൾ രേഖകൾ 3 വർഷം വരെ ടി.ഇ.ഒ.യുടെ പക്കൽ സൂക്ഷിക്കുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിൽ ഉള്ള ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ ജില്ലാ കളക്ടറുടെ പ്രത്യേക അനുമതി വേണമെന്നിരിക്കെ സർക്കാർ പട്ടികവർഗ്ഗ വ്യക്തികൾക്ക് നൽകിയ ഭൂമി ടിയാൻമാരുടെയോ പിൻമുറക്കാരുടെയോ കൈവശത്തിൽ നിന്ന് അന്യാധീനപ്പെടുന്ന സാഹചര്യം ഇല്ലാ എന്നാണ് വിലയിരുത്തുന്നത്. |

R.V. (signature)

സെക്ഷൻ ഓഫീസർ